പെൺപുലരി

# പോഷകാഹാരം വിറ്റ് രണ്ടരക്കോടി

‘സ്വയം പ്രാപ്തരാവുക. എന്നിട്ട് മറ്റുള്ളവരെ കൈപിടിച്ച് ഉയർത്തുക.’ ഭാഗീരഥി ഒരു വഴികാട്ടിയാണ്

‘‘അവസരങ്ങളെ അന്വേഷിച്ചു കണ്ടെത്തണം. ഇങ്ങോട്ട് വരുന്ന അവസരങ്ങൾ പാഴാക്കുകയും ചെയ്യരുത്.’’ സ്വന്തം ജീവിതം തന്നെയാണ് ഭാഗീരഥി മറ്റുള്ള സ്ത്രീകൾക്ക് സന്ദേശമായി നൽകുന്നത്.

അതു തന്നെ. അവർക്ക് ചെറിയ ആവശ്യങ്ങൾക്കുള്ള പണത്തിനു പോലും എപ്പോഴും ഭർത്താക്കൻമാരെആശ്രയിക്കണമായിരുന്നു. എന്നാൽ ഈ സംരംഭം അവർക്കെല്ലാം ഒരാശ്വാസമായി.’’ 2005ൽ ന്യൂട്രിമിക്സ് യൂണിറ്റ് തുടങ്ങിയശേഷം എം.ബി.എ. പഠനം പൂർത്തിയാക്കിയ ഭാഗീരഥി തുടർന്ന് പി.ജി.



ഭാഗീരഥി തന്റെ നിർമാണ യൂണിറ്റിൽ. ഫോട്ടോ: രതീഷ്

2004ലാണ് ഭാഗീരഥി കുടുംബശ്രീ തനിക്കു പറ്റിയ അവസരമാണെന്ന് മനസിലാക്കിയത്. ആദ്യം ‘അക്ഷയ’ എന്ന അയൽക്കൂട്ടത്തിന്റെ ഭാഗമായി. ആറുമാസത്തിനു ശേഷം ‘സീസണൽ ഫുഡ് പ്രോഡക്ട്സ്’ എന്ന സംരംഭം തുടങ്ങി. പിന്നീട്, അംഗൻവാടികളിൽ ‘അമൃതം’ പൊടി (ന്യൂട്രിമിക്സ്) നൽകാനുള്ള പ്രോജക്ട് തുടങ്ങിയപ്പോൾ, പാലക്കാട് ജില്ലയിൽ അത്തരമൊരു മാനുഫാക്ചറിങ് യൂണിറ്റ് തുടങ്ങുന്നതിനെ കുറിച്ചായി ചിന്ത. ഇന്ന് രണ്ടര കോടി രൂപ വാർഷിക വിറ്റുവരവുള്ള ‘അമ്മു ഫുഡ്സി’ന്റെ സാരഥിയിലേക്കുള്ള യാത്ര ഭഗീരഥി തുടങ്ങിയത് അവിടെ നിന്നാണ്.

‘‘ബിരുദാനന്തര ബിരുദം കഴിഞ്ഞിട്ടും ജോലി ലഭിക്കാത്തതിന്റെ വിഷമം എപ്പോഴും ഉള്ളിലുണ്ടായിരുന്നു. കൂടുതൽ പഠിക്കണമെന്നും സ്വന്തമായി ഒരു ജോലി നേടണമെന്നും ഉള്ള ആഗ്രഹം പൂർത്തിയാക്കാൻ അന്ന് സാധിച്ചില്ല. വീട്ടിലെ സാമ്പത്തിക സ്ഥിതിയും മോശമായിരുന്നു. ചുറ്റുവട്ടത്തുള്ള വീടുകളിലെ സ്ത്രീകളുടെ അവസ്ഥയും

ഡി.സി.എ.യും സോഷ്യൽ വെൽഫെയറിൽ എം.എ.യും പൂർത്തിയാക്കി. ജൂണിൽ പി.എച്ച്.ഡി പഠനം തുടങ്ങാനിരിക്കുകയാണ്. നിശ്ചയദാർഢ്യം. അതു തന്നെയാണ് ഭാഗീരഥിയുടെ കരുത്ത്.

‘‘ന്യൂട്രിമിക്സ് യൂണിറ്റ് തുടങ്ങാനുള്ള ട്രെയിനിങ്ങിനായി കാസർകോട് പോയതായതാണ് ജീവിതത്തിലെ വീടുവിട്ടുള്ള ആദ്യയാത്ര. ’’ ഇന്ന് മറ്റു സ്ത്രീകൾക്ക് ട്രെയിനിങ്ങുകൾ നൽകാൻ അവർ പലയിടങ്ങളിലായി യാത്ര ചെയ്യുന്നു. ‘‘സഹായവും ഒപ്പം പ്രചോദനവും ആവശ്യമുള്ള ധാരാളംപേരുണ്ട്. അവരെ പ്രോത്സാഹിപ്പിക്കുകയും വളരാൻ അവസരങ്ങൾ നൽകുകയും നമ്മുടെ കടമയാണ്.’’ തൊഴിലിടങ്ങളിലേക്ക് കൂടുതൽ സ്ത്രീകൾ കടന്നുവരണമെന്നാണ് ഭാഗീരഥിയുടെ സ്വപ്നം.

‘‘സ്വയം പ്രാപ്തരാവുക. എന്നിട്ട് മറ്റുള്ളവരെ കൈപിടിച്ച് ഉയർത്തുക.’’ ഭാഗീരഥി എത്രയോ പേർക്ക് പ്രചോദനമാണ്.



കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ ഐ.എ.എസ്., മനസ്സിന്റെ കരുത്ത് തെളിയിച്ച സ്ത്രീകളെ കുറിച്ച് എഴുതുന്നു